CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

February 28, 2022

Prot. N. 463/2002

ദൈവജനത്തിന്റെ അറിവിനായി പരസ്യപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്
പൗരസ്ത്യ കാര്യാലയം മേജർ-ആർച്ചുബിഷപ്പിനയച്ച കത്തിന്റെ പരിഭാഷ

അഭിവന്ദ്യ പിതാവേ,

'ലോകത്തെല്ലായിടത്തും നിയമപ്രാബല്യമുള്ള' (CCEO, can. 150 §2) മെത്രാൻസിനഡിന്റെ ആരാധനക്രമ അനുശാസനകൾ വിശ്വസ്തതാപൂർവ്വം പാലിക്കാൻ ഏറ്റവുമാദ്യം പ്രതിജ്ഞാബദ്ധരായിരിക്കേണ്ടത് സിനഡ് അംഗങ്ങളായ മെത്രാന്മാരാണ് - സഭയുടെ പൊതുനന്മയ്ക്കാവശ്യമായ ഇക്കാര്യം സീറോ-മലബാർ സഭയിലെ എല്ലാ മെത്രാന്മാരെയും പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ പേരിൽ അറിയിക്കേണ്ടത് ഈ കാര്യാലയത്തിന്റെ കടമയാണ്. കൂടാതെ, വൈദികധർമ്മത്തിന് അനുയോജ്യമല്ലാത്ത പ്രതിഷേധരീതികളിൽ നിന്നും ആക്ടിവിസത്തിൽ നിന്നും മെത്രാന്മാർ വ്യക്തമായ അകലം പാലിക്കണം. കാരണം, "തിരുപ്പട്ടത്താൽ നവമാംവിധം ദൈവത്തിന് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന പുരോഹിതർ, മിശിഹാ തന്റെ ശിഷ്യർക്കായി നിർദ്ദേശിച്ച പരിപൂർണ്ണത പ്രാപിക്കുവാൻ പ്രത്യേക വിധത്തിൽ കടപ്പെട്ടിരിക്കുന്നു; അതുവഴി, ദൈവജനസേവനത്തിനായി നിത്യപുരോഹിതനായ മിശിഹായുടെ ഉത്തമ ഉപകരണമായും അജഗണത്തിന് ശ്രേഷ്ഠമായ മാതൃകകളായും അവർ മാറണം" (can. 368).

പരിശുദ്ധ പിതാവ് അടുത്തയിടെ പ്രസ്താവിച്ചതുപോലെ, "ആരാധനക്രമത്തിന്റെ അർപ്പണരീതി സംബന്ധിച്ച്, സഭകൾക്കുള്ളിലെ വിഭാഗീയതകൾ പ്രകടമാക്കുന്ന പ്രാദേശികവാദങ്ങൾ ഒഴിവാക്കികൊണ്ട്, സഭാസിനഡ് തീരുമാനിച്ചതും പരിശുദ്ധ സിംഹാസനം അംഗീകരിച്ചതുമായ ക്രമപ്രകാരമാവണം ഐക്യം അനുഭവവേദ്യമാകേണ്ടത്. (...) ദൗർഭാഗ്യവശാൽ ഈയിടെയായി ചിലയിടത്ത് സംഭവിക്കുന്നതുപോലെ, നമ്മുടെ ആരാധനക്രമ തർക്കങ്ങൾവഴി ഉതപ്പ് നല്കിയാൽ, നാം നടപ്പിലാക്കുന്നത് ഭിന്നിപ്പിൽ വിരുതാനയവന്റെ (സാത്താൻ) കളിയാണ്" (പൗരസ്ത്യ കാര്യാലയത്തിന്റെ പ്ലീനറി മീറ്റിംഗിൽ നൽകിയ സന്ദേശം, ഫെബ്രുവരി 18, 2022).

വിശേഷവിധിയായി, എറണാകുളം-അങ്കമാലി അതിരൂപതയുടെ അദ്ധ്യക്ഷനായ അങ്ങയുടെ വികാരി എന്നനിലയിൽ ആർച്ചബിഷപ്പ് ആന്റണി കരിയിൽ അതിരൂപത മുഴുവനുമായി അനിശ്ചിതകാലത്തേക്ക് തെറ്റായി നല്കിയിരിക്കുന്ന ഒഴിവ് (dispensation) പിൻവലിച്ചേ തീരൂ. 'മെത്രാപ്പോലീത്തായുടെ വികാരി' എന്ന അധികാരം ഉപയോഗിച്ച്, സിനഡ് തീരുമാനിച്ചതും മേജർ ആർച്ചുബിഷപ്പ് പുറപ്പെടുവിച്ചതുമായ തീരുമാനങ്ങളെ മറികടക്കാൻ മാർ കരിയിലിനു സാധ്യമല്ല. എറണാകുളം-അങ്കമാലി അതിരൂപതയിൽ മേൽപ്പറഞ്ഞ (ഒഴിവ് നൽകാനുള്ള) അധികാരം, കാനൻ നിയമപ്രകാരം (inter alia can. 1538 §1), ആ രൂപതയുടെ മെത്രാപ്പോലീത്താ എന്ന നിലയിൽ മേജർ ആർച്ചുബിഷപ്പിനുള്ളതാണ്. അതിരൂപതയ്ക്കുള്ളിൽ ഏതെങ്കിലും ചില പ്രത്യേക സാഹചര്യങ്ങളിൽ മേൽപ്പറഞ്ഞ ഒഴിവിനു അപേക്ഷിച്ചാൽ, അക്കാര്യത്തിൽ മേജർ ആർച്ചുബിഷപ്പിന്റെ അംഗീകാരത്തോടെ മാത്രമേ ആർച്ചുബിഷപ്പ് കരിയിൽ തീരുമാനമെടുക്കാൻ പാടുള്ളൂ.

സിനഡ് അംഗീകാരം നല്കിയ ആരാധനക്രമരൂപം നടപ്പിലാക്കുന്ന വൈദികരെ തടയുകയല്ല, അവരെ പ്രോത്സാഹിപ്പിക്കുകയാണ് അതിനാൽ ആർച്ചുബിഷപ്പ് കരിയിൽ ചെയ്യേണ്ടത്. അതോടൊപ്പം സിനഡൽ ക്രമമനുസരിച്ച് വിശുദ്ധ കുർബാനയർപ്പിക്കാൻ വരുന്ന മെത്രാന്മാരെ സ്വാഗതം ചെയ്യാൻ എല്ലാ വൈദികർക്കും നിർദ്ദേശം നല്കുകയും വേണം. വിശുദ്ധ കുർബാനയ്ക്ക് സിനഡ് അംഗീകാരം നല്കിയ തക്സയുടെ ഉപയോഗവും ആരാധനക്രമത്തിന്റെ നിർദ്ദിഷ്ടഭാഗങ്ങളിലുള്ള ബേമ്മയുടെ ഉപയോഗവും ആർച്ചുബിഷപ്പ് കരിയിൽ ഉറപ്പു വരുത്തണം. ചില കേസുകളിൽ, കൃത്യമായ വിശ്വാസപരിശീലനം നല്കി സിനഡുതീരുമാനം നടപ്പിലാക്കുന്നതിനുവേണ്ടി ഏതാനും മാസങ്ങൾകൂടി ആവശ്യമായി വന്നേക്കാം എന്ന കാര്യം അംഗീകരിച്ചുകൊണ്ടുതന്നെ, സിനഡുക്രമമനുസരിച്ചുള്ള കുർബാനയിലെ സജീവ പങ്കാളിത്ത്വത്തിനാവശ്യമായ സകലവിധ അജപാലന തയ്യാറെടുപ്പുകൾക്കും സമാധാന ചർച്ചകൾക്കും ഈ കാര്യാലയം സർവ്വദാ സന്നദ്ധമായിരിക്കും.

സിനഡുതീരുമാനത്തെ പിൻതുടരുന്നതിന് ചിലർക്ക് ബുദ്ധിമുട്ടുകളുണ്ട് എന്നത് പരിശുദ്ധ സിംഹാസനം മനസ്സിലാക്കുന്നു; പക്ഷേ മരണം വരെയുള്ള നിരാഹാരം എന്നിങ്ങനെയുള്ള അക്രൈസ്തവും സഭാവിരുദ്ധവുമായ പ്രതിഷേധരീതികളും പ്രകടനങ്ങളും ഒഴിവാക്കാൻ എല്ലാവരോടും ആഹ്വാനം ചെയ്യുന്നു. 'നമുക്കുവേണ്ടി മരണംവരെ - കുരിശുമരണംവരെ' (Phil. 2,8) അനുസരണമുള്ളവനായിരുന്ന മിശിഹായെ അനുകരിച്ച്, തങ്ങളുടെ തിരുപ്പട്ടസ്വീകരണദിവസം എടുത്ത പ്രതിജ്ഞ - മേലധികാരിയായ മെത്രാനെ ആദരിക്കുകയും അനുസരിക്കുകയും ചെയ്തുകൊള്ളാം എന്ന വാഗ്ദാനം (cf. Can. 370) - പാലിച്ചുകൊണ്ട് സഭയുടെ പൊതുനന്മയെപ്രതി വൈദികർ സഭാധികാരികൾക്ക് വിധേയരായിരിക്കേണ്ടതാണ്.

ഈ കത്തിൽ ഒപ്പിട്ടിരിക്കുന്ന പൗരസ്ത്യ കാര്യാലയത്തിന്റെ തലവന് 2022 ഫെബ്രുവരി 10-ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ അനുവദിച്ച കൂടിക്കാഴ്ചയിൽ ഇതിന്റെ ഉള്ളടക്കം അംഗീകരിച്ചിട്ടുണ്ട്. സിനഡുതീരുമാനത്തോടൊപ്പം നിന്ന സന്ന്യാസ-സന്ന്യാസിനീ സമർപ്പിതസമൂഹങ്ങളെ പ്രത്യേകമായി അഭിനന്ദിക്കുന്നു; സീറോ മലബാർ സഭയിലെ എല്ലാ വിശ്വാസികളുടെയും - മെത്രാന്മാർ, വൈദികർ, സമർപ്പിതർ, അത്മായർ - അറിവിനായി ഈ കത്ത് പരസ്യപ്പെടുത്തേണ്ടതാണ്.

പ്രാർത്ഥനാപൂർവ്വകമായ ശുഭാശംസകളോടെ,
മിശിഹായിൽ,

കർദ്ദിനാൾ ലെയണാർദോ സാന്ദ്രി
പ്രീഫെക്ട്

Leonardo Card. Sandri
✠ Leonardo Card. Sandri
Prefect

ജോർജ്ജോ ദെമെത്രിയോ ഗല്ലാറോ
ആർച്ചുബിഷപ്പ് സെക്രട്ടറി

Giorgio Demetrio Gallaro
✠ Giorgio Demetrio Gallaro
Archbishop Secretary